
സ്മരണ/അനുഭവം

# പാപ്പാൻ രഘു ഒരോർമ്മക്കുറിപ്പ്

രവിവർമ്മ (മധു)



**ആനക്കമ്പക്കാരനായ മധു നാട്ടാനയുടെ പാപ്പാനെ ഓർക്കുന്നു. ഭക്തിയുടെ പേരിൽ, ആനക്കമ്പത്തിന്റെ പേരിൽ ആനകളോടുള്ള ക്രൂരത കൂടിവരുന്നു. ആനയുടെ വേദന ആരോർക്കാൻ?**

പൂരങ്ങളും മേളങ്ങളും എല്ലാ മലയാളികളെയും പോലെ എന്നിലും ഒരുപാട് ഗൃഹാതുരത്വമുണർത്തുന്ന ഓർമ്മകളായി നിലനിൽക്കുന്നു. ചാലക്കുടി പുഴയും കോലോത്ത് അമ്പലവും അമ്പലപ്പറമ്പും വളർച്ചയുടെ ഓരോ ചുവടുവെപ്പിലും എന്നെ വല്ലാതെ സ്വാധീനിച്ചിട്ടുണ്ട്. പുഴയോട് സംസാരിച്ചും അമ്പലപ്പറമ്പിൽ ചുറ്റിനടന്നും കഴിച്ചുകൂട്ടിയ കൗമാരം എനിക്ക് ഒരുപാട് അറിവും നേടിത്തന്നിട്ടുണ്ട്.

ബാല്യകാലത്ത് ഇവിടെ ഉത്സവം കാണുക അപൂർവ്വമായി മാത്രം വീണുകിട്ടാറുള്ള അവസരമായിരുന്നു. പക്ഷെ ഉത്സവം നടത്തുന്ന ചേട്ടന്മാരെയും അമ്മാവൻമാരെയും ഞങ്ങൾ വീരപരിവേഷത്തോടെയാണ് കണ്ടിരുന്നത്. പിന്നീട് ആ വേഷം ഞങ്ങൾ കെട്ടിയാടേണ്ടിവന്നപ്പോഴാണ് നടത്തിപ്പിനു പിന്നിലുള്ള കഷ്ടപ്പാടുകളെക്കുറിച്ച് മനസ്സിലാക്കാൻ ഇടവന്നത്.

ഞങ്ങളുടെ ജീവിതത്തിലേക്ക് രഘു കടന്നുവരുന്നതും ഏതാണ്ട് പതിനഞ്ച് വർഷങ്ങൾക്കോ അതിനും രണ്ടു വർഷം മുമ്പോ ആയിരിക്കാം. മകരമാസത്തിലെ പൂരം നാളിലാണ് ഇവിടെ ആറാട്ട്. അതിനും ആറു ദിവസം മുമ്പ് കൊടിയേറ്റം. കൊടിയേറ്റത്തിന്റെയന്ന് വൈകീട്ട് അയ്യപ്പൻകുട്ടിയെന്ന ഗജവീരനേയുംകൊണ്ട് രഘു അവിടെയെത്തിയിരിക്കും.

കേരളത്തിലെ തലയെടുപ്പുള്ള ഗജവീരന്മാരുടെ പട്ടികയിൽ അയ്യപ്പൻകുട്ടിയുടെ പേർ കാണില്ല. അതുപോലെത്തന്നെ വീരപരിവേഷമുള്ള പാപ്പാന്മാരുടെ നിരയിൽ രഘുവിനെയും കണ്ടെന്നുവരില്ല. പക്ഷെ ഞങ്ങൾ ചാലക്കുടിക്കാർക്ക് ഇവർ സ്വന്തം. ഉത്സവം തുടങ്ങിയാൽ പിന്നീടുള്ള ദിവസങ്ങളിൽ രാവിലെ ഞാൻ എഴുന്നേൽക്കുന്നത് മുറ്റത്ത് അയ്യപ്പൻകുട്ടി നിന്നു കുളിക്കുന്നതും കണ്ടുകൊണ്ടാണ്. ആ കുളി ഏതാണ്ട് അരമണിക്കൂറോളം നീളും. അവനു കിടന്നു കുളിക്കാൻ താല്പര്യമില്ലാത്തതുകൊണ്ട് കുളി നിന്നുകൊണ്ടുതന്നെ. രഘു ആനയെ ശകാരിക്കുന്നത് അപൂർവ്വമായിട്ടാണ്. ''ആ കയ്യവിടെ കെട്ടാനെ, ആ...'' അതാണ് ഏറ്റവും കൂടിയ ശകാരമുറ. പല പാപ്പാന്മാരും തങ്ങളുടെ പൗരുഷം തെളിയിക്കുന്നത് പൊതുവേദികളിൽ ആനയെ മർദ്ദിച്ചാണെങ്കിൽ, രഘു അതിനൊരു അപവാദമാണ്. മാറ്റിനിർത്തി, ഒറ്റക്ക് ശകാരത്തിലാണ് രഘുവിന്റെ ശൈലി. ഈ ശകാരങ്ങൾ ഏറ്റുവാങ്ങുകയും പിന്നീട് പരമാവധി ആ തെറ്റുകൾ ആവർത്തിക്കാതിരിക്കുകയും ചെയ്യും നമ്മുടെ അയ്യപ്പൻകുട്ടി. അതാണ് നല്ല ആനയുടെയും പാപ്പാന്റെയും ലക്ഷണം. അവന്റെ കുളികഴിഞ്ഞ് രഘുവും കുളിച്ചു കഴിഞ്ഞാൽ രഘുവും ഞാനും ഒരു ചായകുടിക്കും. ഉത്സവവിശേഷങ്ങൾ, ആനകാര്യങ്ങൾ എന്നിവ വിഷയങ്ങളായി മാറും. അയ്യപ്പൻകുട്ടി അടുത്തു നിന്ന് ഇതെല്ലാം ശ്രദ്ധിക്കുന്നുണ്ട്. അഭിപ്രായങ്ങൾ അവതരിപ്പിക്കമെന്നുണ്ടെന്ന് തോന്നാം. അടുക്കളയിൽനിന്നും തനിക്കുള്ള ഭക്ഷണം വരുന്നുണ്ടോയെന്നു ഓട്ടകണ്ണിട്ടു നോക്കും. ഇടക്ക് ഞങ്ങളെ പുച്ഛത്തോടെ നോക്കുന്നുണ്ടോ എന്നു സംശയം ഒരുപക്ഷേ എന്റെ കുറ്റബോധം കൊണ്ട് തോന്നുന്നതാവാം. രഘുവും അയ്യപ്പൻകുട്ടിയും അവിടെ ഉത്സവം ഏറ്റെടുത്ത് നടത്തുകയാണ് പതിവ്. അത് അവരുടെ അവകാശം പോലെ. ഒരുതരം വല്ലാത്ത സന്തുലിതാവസ്ഥ അവർ തമ്മിലുള്ള ബന്ധത്തിൽ നിലനിന്നു. അവർ തമ്മിൽ നിശ്ശബ്ദമായി ആശയ വിനിമയം നടത്തി. രണ്ടുപേരുടെയും അടുത്ത നീക്കമെന്തായിരിക്കുമെന്ന് ഇരുവരും അറിഞ്ഞു. രഘുവിന്റെ കൂടെ നിൽക്കുമ്പോൾ അയ്യപ്പൻകുട്ടിക്ക് നല്ല സുരക്ഷിതനാണെന്നുള്ള തോന്നലുണ്ടാകാറുണ്ട്. അവന്റെ ശരീരഭാഷയിൽനിന്നും നമുക്കത് മനസ്സിലാക്കാം. വല്ല്യേട്ടന്റെ ക്യാമറക്ക് മുമ്പിൽ രഘും അയ്യപ്പൻകുട്ടിയും ഒരുപാട് നിന്നുകൊടുത്തിട്ടുണ്ട്. എങ്ങനെ നിൽക്കണമെന്നുപോലും രഘു അവനെ പഠിപ്പിച്ചിട്ടുണ്ട്. എന്റെ വീട്ടിൽ വരുമ്പോഴുള്ള സ്വാതന്ത്ര്യം തറവാട്ടിൽ അച്ഛന്റെയടുത്തു ചെല്ലുമ്പോഴില്ല എന്ന് അയ്യപ്പൻകുട്ടിക്കറിയാം. അവൻ നിൽക്കണ്ടയിടത്തേ നിൽക്കൂ. രഘുവിന്റെ പരിശീലനം. രഘുവിന്റെ മരണവാർത്തയറിഞ്ഞപ്പോൾ എന്റെ മനസ്സിൽ ആദ്യം വന്നത് അയ്യപ്പൻകുട്ടിയുടെ മുഖമാണ്. എങ്ങനെയവൻ സങ്കടം പ്രകടിപ്പിച്ചിട്ടുണ്ടാകാം? ചോദ്യചിഹ്നമായി നിൽക്കുന്ന സ്വന്തം ഭാവിയെക്കുറിച്ചുള്ള ചിന്ത അവനെ തളർത്തിയിട്ടുണ്ടാകാം. മറ്റു പല കേമൻമാരെന്ന് വിശേഷിക്കപ്പെടുന്ന പാപ്പാന്മാരെപ്പോലെ രഘുവിനെ ഒരിക്കലും ഞാൻ മദ്യപിച്ച നിലയിൽ കണ്ടിട്ടില്ല. ആരോടും പണം ചോദിച്ചു വാങ്ങാറുമില്ല.

അപകടം രഘുവിന്റെ ജീവിതം തട്ടിയെടുത്തവെന്നറിഞ്ഞപ്പോൾ ഞാൻ അറിയാതെ കരഞ്ഞുപോയി. ഒരു മിണ്ടാപ്രാണിയെ നല്ലപോലെ നോക്കിയതിനുള്ള ശിക്ഷയാണോ വിധി രഘുവിന് നൽകിയത്. ''ഇനി വഴിയിലെവിടെയെങ്കിലും അല്ലെങ്കിൽ കൊക്കർണിപ്പറമ്പ്, അടുത്ത് ഉത്സവം വരെ ഇടക്ക് കാണാം. സന്തോഷമായി'' കഴിഞ്ഞ ഫെബ്രുവരി 5ന് കൊടിയിറങ്ങിയശേഷം രഘുവും അയ്യപ്പൻകുട്ടിയും ഞങ്ങളോട് യാത്രപറഞ്ഞു. ഇരുട്ടിലേക്ക് നടന്നുനീങ്ങുന്ന അവരെ നോക്കി ഞാൻ കുറെ നേരം നിന്നു. പിന്നീട് ചങ്ങലയുടെ ശബ്ദം മാത്രം അന്തരീക്ഷത്തിൽ തങ്ങിനിന്നു. വളരെ നല്ലൊരു മനുഷ്യനായിരുന്നു രഘുവെന്ന പാപ്പാൻ.

*E-mail : ravivarma@gmail.com*